**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റിയുടെ മറൈൻ ഡ്രൈവ് മൈതാനത്ത് ബൈബിൾ കൺവെൻഷൻ നടത്തുന്നതിന് വാടകയിൽ ഇളവ് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 357/2020/തസ്വഭവ. തിരുവനന്തപുരം, തീയതി: 11/02/2020**

---

പരാമർശം:- 1. സ.ഉ.(സാധാ) നം.311/2018/ത.സ്വ.ഭ.വ. തീയതി 02/02/2018
2. സ.ഉ.(സാധാ) നം.363/2019/ത.സ്വ.ഭ.വ. തീയതി 19/02/2019
3. എറണാകുളം മറൈൻ ഡ്രൈവ് ബൈബിൾ കൺവെൻഷൻ ട്രസ്റ്റ് പ്രസിഡന്റിന്റെ 21/01/2020 -ലെ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം മറൈൻ ഡ്രൈവ് ബൈബിൾ കൺവെൻഷൻ ട്രസ്റ്റ് പ്രസിഡന്റ് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് മറൈൻ ഡ്രൈവ് മൈതാനത്ത് 26/03/2020 മുതൽ 30/03/2020 വരെ ബൈബിൾ കൺവെൻഷൻ ട്രസ്റ്റ് നടത്തുന്ന 26-ാമത് ബൈബിൾ കൺവെൻഷനായി മറൈൻ ഡ്രൈവ് മൈതാനത്തിന്റെ വാടകയിൽ മുൻ വർഷങ്ങളിൽ അനുവദിച്ചതുപോലെ 50% ഇളവനുവദിക്കുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

2. മൈതാനം അനുവദിക്കുന്നതിനു മുമ്പ് അപേക്ഷകൻ ആയതു സംബന്ധിച്ച തുക വിശാല കൊച്ചി വികസന അതോറിറ്റി മുമ്പാകെ അടക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**മിനിമോൾ ഡി.**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.
പ്രസിഡന്റ്, മറൈൻ ഡ്രൈവ് ബൈബിൾ കൺവെൻഷൻ ട്രസ്റ്റ്, സെന്റ് മേരീസ് ബസേലിക്ക, എറണാകുളം, കൊച്ചി -31.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**